# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2234 — 05/05/2017-ൽ മറുപടിയ്ക്ക്

**മദ്യവില്പനശാലകൾ മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, അനിൽ അക്കര<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരത്ത് നിന്നും മദ്യവിൽപ്പനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുവാൻ ബിവറേജസ് കോർപ്പറേഷൻ സുപ്രീംകോടതിയോട് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ആവശ്യപ്പെട്ടിരുന്നു. |
| (ബി) ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിൽ വരുന്ന കാലതാമസവും, ഔട്ട് ലറ്റുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന എതിർപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള ഇടപെടലുകളും കോടതി വ്യവഹാരങ്ങളും കണക്കിലെടുത്താണ് ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്ന വിധി നടപ്പിലാക്കുന്നതിനു സാവകാശം വേണമെന്ന ആവശ്യവുമായി ബിവറേജസ് കോർപ്പറേഷൻ ബഹു.സുപ്രീം കോടതിയെ സമീപിച്ചത്. |

| | | | |
|---|---|---|---|
| (സി) | മദ്യവിൽപ്പന ശാലകൾ ആരംഭിക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളയുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ